പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3715 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.അൻവർ സാദത്ത്**<br>**,, സണ്ണി ജോസഫ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, റോജി എം. ജോൺ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സ്ത്രീ സുരക്ഷക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംയോജിത വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ (ഒ.എസ്.സി.സി.) ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) സ്ത്രീ സുരക്ഷക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ (ഒ.എസ്.സി.സി.) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് വഴി സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ പ്രകടമായ എന്ത് മാറ്റം കൊണ്ട് വരാൻ സാധ്യമായെന്ന് വെളിപ്പെടുത്തുമോ; | (ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദത്തിൽ നിന്നും കരകയറാനും അവർക്ക് ആവശ്യമായ വൈദ്യസഹായം നൽകുവാനും, നിയമപരിരക്ഷ ഉറപ്പാക്കാനും, സംരക്ഷണം നൽകാനുമാണ് വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത്. അതിക്രമത്തിന് വിധേയരാകുന്നവർക്ക് ശാരീരിക/മാനസിക ശക്തി പകർന്നുനൽകി കുറ്റക്കാർക്കെതിരെ മൊഴി നൽകുന്നതിന് പ്രാപ്തരാക്കാനും സധൈര്യം മുന്നേറാനുള്ള ശേഷി വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടാണ് ഇവ പ്രവർത്തിക്കുന്നത്. |
| (സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) തിരുവനന്തപുരം, ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. കൊല്ലം ജില്ലയിൽ ഒരു പുതിയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതാണ്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ